**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1382** **07-10-2021 - ൽ മറുപടിയ്ക്ക്**

**പ്രൈമറി സ്കൂളുകളിൽ പ്രഥമാധ്യാപകരുടെ ഒഴിവ് നികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിരവധി പ്രൈമറി സ്കൂളുകളിൽ ഒന്നരവർഷത്തിലേറെയായി പ്രഥമാധ്യാപകരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സർക്കാർ പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരുടെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ജില്ലാ അടിസ്ഥാനത്തിലുള്ള ഒഴിവുകൾ ചുവടെ ചെർക്കുന്നു. ജില്ല ഒഴിവുകൾ തിരുവനന്തപുരം 225 കൊല്ലം 182 പത്തനംതിട്ട 76 ആലപ്പുഴ 107 കോട്ടയം 73 ഇടുക്കി 31 എറണാകുളം 116 തൃശ്ശൂർ 73 പാലക്കാട് 139 മലപ്പുറം 209 കോഴിക്കോട് 150 വയനാട് 51 കണ്ണൂർ 104 കാസർഗോഡ് 89 |
| (സി) | സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്തും സ്ഥാനക്കയറ്റം നടക്കാത്തതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന നിരവധി ഉദ്യോഗാർഥികളുടെ അവസരം നഷ്ടപ്പെടുമെന്ന ആരോപണം കണക്കിലെടുത്തും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവായെങ്കിലും ആയത് മരവിപ്പിച്ചുകൊണ്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.സ്റ്റേ നീക്കുന്നതിനനുസരിച്ച് പ്രഥമാദ്ധ്യാപക നിയമനങ്ങളും തുടർന്നുവരുന്ന അദ്ധ്യാപക നിയമനങ്ങളും നടത്താൻ കഴിയും. |

സെക്ഷൻ ഓഫീസർ